**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5457** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകരുടെ ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര കർഷകർക്ക് 60 വയസ്സ് കഴിഞ്ഞ് പെൻഷൻ പറ്റിയാലും ക്ഷേമനിധി വിഹിതം അടയ്ക്കണം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീര കർഷകനും ടിയാൻ പാൽ അളന്ന മാസത്തെ അംശദായ വിഹിതമായി 20/- രൂപ ക്ഷീരസംഘങ്ങൾ മുഖേന ക്ഷേമനിധിയിൽ ഒടുക്കണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അംശദായ ഇനത്തിൽ ക്ഷേമനിധിയിൽ ഒടുക്കുന്ന തുക ഉൾപ്പെടെയുള്ള മറ്റ് അംശദായ തുകകളാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്. പ്രസ്തുത തുകയിൽ നിന്നുമാണ് പെൻഷൻ (ക്ഷേമനിധിവിഹിതം) ഉൾപ്പെടെയുള്ള എല്ലാ ധനസഹായങ്ങളും വിതരണം ചെയ്തു വരുന്നത്. നിലവിലെ ക്ഷേമനിധി നിയമ പ്രകാരം അംശദായമായി അടവാക്കുന്ന തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ